(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1315/2016
വകുപ്പ്,

കേരള സംസ്ഥാന ഓഡിറ്റ്

ജില്ല ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

തീയതി. 29.07.2016

ഫോൺ 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-4 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-3 ,3-7 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1315/2016 **തീയതി. 29.07.2016.**

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-02-2016 മുതൽ 16-02-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ്

പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	: ശ്രീ.എ.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ		
ഓഡിറ്റിന് വിനിയോഗിച്ച സമയം	: 16-06-2016 മുതൽ 27-06-2016 വരെ		
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	: ശ്രീ.ജി.സാബു	ഓഡിറ്റ് ഓഫീസർ	
	ശ്രീ.എ.മുഹമ്മദ് സലിം	അസ്സി.ഓഡിറ്റ് ഓഫീസർ	
	ശ്രീ.എസ്.സുജേഷ്	സീനി.ഗ്രേഡ് ഓഡിറ്റർ	

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	: ശ്രീ.പി.സുരേഷ് കുമാർ	01-04-14 മുതൽ 31-03-15 വരെ

സെക്രട്ടറി	: ശ്രീമതി.ബി.എസ്.ഗീത	01-04-14മുതൽ 31-03-15 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
വെറ്റിനറി സർജൻ	ശ്രീമതി.റാണാ രാജ്	01-04-14 മുതൽ 31-03-15 വരെ
കൃഷി ഓഫീസർ	ശ്രീമതി.റീജ.എസ്.ധരൻ	01-04-14 മുതൽ 31-03-15വരെ
മെഡിക്കൽ ഓഫീസർ	ഡോ.ഷീല കുമാരി	01-04-14 മുതൽ 31-03-15വരെ
മെഡിക്കൽ ഓഫീസർ(ആയുർവേദം)	ഡോ.ശിവകുമാരി	01-04-14 മുതൽ 31-03-15വരെ
എൽ.വി.ഇ.ഒ.	ശ്രീമതി.ഷജീറ.എം	01-04-14 മുതൽ 31-03-15വരെ
എൽ.വി.ഇ.ഒ.	ശ്രീമതി.രാജലക്ഷ്മി	01-04-14 മുതൽ 31-03-15വരെ
അസി.എഞ്ചിനീയർ	ശ്രീ.അരുൺ.എസ്	01-04-14 മുതൽ 31-03-15വരെ
ഹെഡ്മാസ്റ്റർ	ശ്രീ.ഇസ്ഹാക്ക്	01-04-14 മുതൽ 31-03-15വരെ
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ശ്രീമതി.ഗിരിജകുമാരി	01-04-14 മുതൽ 31-03-15വരെ
അസി.സെക്രട്ടറി	ശ്രീ.അൻസാരി	01-04-14 മുതൽ 31-03-15വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	**1-1**	
2	വാർഷിക ധനകാര്യപത്രിക.	**1-2**	
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം	1-6	
7	തനത് വരുമാനം.	1-7	
8	ക്ഷേമപദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	ആഭ്യന്തരനിയന്ത്രണം.	1-10	
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	
	ഭാഗം 2		
12	ഡി ആന്റ് ഓ ലൈസൻസ്- നടപടിക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി	2-1	

13	പുതുതായി നമ്പർ അനുവദിച്ച് നൽകിയ കെട്ടിടങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല	2-2	
14	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	2-3	
15	ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം	2-4	
	ഭാഗം 3		
16	ആട് വളർത്തൽ പ്രോജക്ട് (പട്ടികജാതി വനിത) സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല	3-1	
17	പദ്ധതി മോണിറ്ററിംഗ്- സർക്കാർ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല	3-2	
18	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം	3-3	
19	പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമല്ല	3-4	
20	അങ്കണവാടികൾ - അവലോകനം	3-5	
21	പൊതുമരാത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.	3-6	
22	കുടിവെള്ള പദ്ധതി-സംയുക്ത പരിശോധന നടത്തേണ്ടതാണ്	3-7	

23	തെരുവ് വിളക്കുകളുടെ പരിപാലനം തൃപ്തികരമല്ല	3-8	
24	ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല	3-9	
25	മരാമത്ത് പ്രവൃത്തികൾ പൊതു അപാകതകൾ	3-10	
	ഭാഗം 4		
26	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
27	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2	
28	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3	
29	വായ്പ/വായ്പ തിരിച്ചടവ്	4-4	
30	സ്ഥിരനിക്ഷേപങ്ങൾ	4-5	
31	ഓഡിറ്റ് റിക്കവറി	4-6	
32	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7	
33	ഓഡിറ്റ് പ്രത്യവലോകനം	4-8	
34	തീർപ്പാക്കാൻ അവശേഷിക്കുന്ന റപ്പോർട്ടുകൾ	4-9	

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26-03-15 തിയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 3236663/- രൂപ ഉൾപ്പെടെ 91120754/- രൂപയുടെ വരവും 85918169/- രൂപയുടെ ചെലവും 5202585/- രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ബജ റ്റ്സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31/07/2015	25/07/15	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2014-15	25/07/15	No.KSATVM F1/1111/15(67) Dated 05-10-2015

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 15527506

വരവ് - 64860026

ആകെ - 80387532

ചെലവ് - 56894607

നീക്കിയിരിപ്പ് - 23492925

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	754510	8947000	9701510	8539590	1161920	88

വികസനഫണ്ട് എസ്.സി.പി.	1777531	6775000	8552531	4581928	3970603	54
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	83681	6421000	6504681	5706056	798625	88
സംരക്ഷണഗ്രാന്റ് നോൺറോഡ്	852109	1717000	2569109	1341330	1227779	52
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	373272	5950422	6323694	5483508	840186	87
പെർഫോമൻസ് ഗ്രാന്റ്	593176	3062000	3655176	537000	3118176	15
എം.എൻ.ആർ.ഇ.ജി.എസ്.	9253	802242	811495	810824	671	100
ബി ഫണ്ട്	0	20311467	20311467	20311467	0	100
ICDS കേന്ദ്ര വിഹിതം	303298	157295	460593	436073	24520	95
നിർമ്മൽ പുരസ്കാർ	297512	0	297512	0	297512	0

പകൽ വീട് വിഹിതം	300000	0	300000	0	300000	0
പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി	2400000	0	2400000	1845810	553689	77
ശുചിത്വ മിഷൻ ഗ്രാന്റ്	0	770000	770000	600000	170000	78
യു.ഐ.ഡി ഇൻസന്റീവ്	0	135150	135150	4800	130350	4
ജനറൽ പർപ്പസ് ഫണ്ട്	5478598	6501617	11980215	6506704	5473511	54.31
മറ്റുള്ളവ	2130049	3294834	5424883	0	5424883	100
മറ്റ് പ്രത്യേക പദ്ധതികൾ	174517	0	174517	174517	0	100
കേരളോത്സവം	0	15000	15000	15000	0	100
ആകെ	**15527506**	**64860027**	**80387533**	**56894608**	**23492425**	

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
132	50201194	93	32488325	0	39	70.45

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ ഡി ആന്റ് ഒ ലൈസൻസ് ഫീസിനത്തിലൊഴികെ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ വിനോദ നികുതി	0	0	0	
തൊഴിൽ നികുതി	851130	952760	101630	11.94 (+)

കെട്ടിടനികുതി	1141986	2038383	896397	78.49 (+)
പരസ്യനികുതി	0	0	0	
നികുതിയേതര വരവുകൾ	225770	410316	184546	81.74 (+)
ലേലം	0	0	0	
ഷോപ്പിംഗ് കോംപ്ലക്സ്	0	0	0	
ഡി ആന്റ് ഒ ലൈസൻസ്	54380	54150	230	.42 (-)
മറ്റ് വരവുകൾ	5543878	6501617	957739	17.27 (+)
ആകെ	7817144	9957226	2140312	

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	501000	310

കർഷകതൊഴിലാളി പെൻഷൻ	1491105	203
വിധവാപെൻഷൻ	8520339	630
വാർദ്ധക്യകാലപെൻഷൻ	6889675	758
വികലാംഗപെൻഷൻ	2503324	282
അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള ധനസഹായം	143535	16
വിധവകളുടെ പെൺമക്കൾക്കള്ള ധനസഹായം	110000	7

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-06-2016-ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5449/- (അയ്യായിരത്തി നാന്നൂറ്റി നാൽപ്പത്തി ഒൻപത് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

വരവിനങ്ങളിലെ രേഖകൾ സൂക്ഷിക്കുന്നതിലും നടപടിക്രമങ്ങളിലും കാലതാമസം നേരിടുന്നു. (വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-1, 2-4 എന്നിവ കാണുക). ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് വേണ്ടി 2014-15 വർഷം എക്സ്റ്റൻഷൻ നടത്തിയെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15-06-2016	2016-17 വർഷ ഓഡിറ്റ് 2016 മെയ് വരെ	റിപ്പോർട്ട് ലഭിച്ചിട്ടില്ല

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19-03-14 മുതൽ 19-04-14 വരെ	2008-09 മുതൽ 2012-13 വരെ	05-06-2014

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഡി ആന്റ് ഓ ലൈസൻസ്- നടപടിക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടങ്ങൾ) ചട്ടം 3 പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട തുക ഏതെങ്കിലും വിധത്തിൽ ഒഴിവാക്കേണ്ട പക്ഷം അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കാരണം സഹിതം സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും സെക്രട്ടറി അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും സ്റ്റാൻഡിംഗ് കമ്മിറ്റി തുക ഒഴിവാക്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിക്ക് തുക ഒഴിവാക്കി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ആയിരം രൂപയിലധികം ഒഴിവാക്കുന്ന സംഗതികളിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റയും അംഗീകാരം തേടേണ്ടതുമാണ്.

എന്നാൽ 2014-15 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ലഭിച്ച 32 സ്ഥാപനങ്ങളെ മേൽ പരാമർശിച്ച നടപടിക്രമങ്ങളൊന്നും പാലിക്കാതെ 2014-15 വർഷ ഡിമാന്റിൽ നിന്നും ഒഴിവാക്കി. സ്ഥാപനങ്ങളെ ഒഴിവാക്കിയത് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് (ഓഡിറ്റ് എൻകൃയറിക്ക് 3/18-06-16) മറുപടി നൽകി. എന്നാൽ ഇത് തെളിയിക്കുന്നതിനാവശ്യമായ ഫയലോ രേഖകളോ ഓഡിറ്റിന് നൽകിയിട്ടില്ല. ഭാവിയിൽ ഇത്തരം ഒഴിവാക്കലുകൾ നിയമ വിധേയമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ചു എന്ന റിപ്പോർട്ട് തന്നെ ശരിയായ ഒന്നല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ക്രമ നം.	വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരും വിലാസവും	സ്ഥാപനം	വാർഡ് നമ്പർ
1	സുജി ബാബു, നടുവിലഴികത്ത് വീട്, മണമ്പൂർ	ബേക്കറി- ഹോട്ടൽ	1
2	സുനിൽകുമാർ, എസ്.ബി നിവാസ്, കവലയൂർ	സ്റ്റേഷനറി	2
3	കെ.അശോകൻ, കുന്നിൻപുറത്ത് വീട്	ടെലിഫോൺ ബൂത്ത്	3
4	വിജയൻ, വിജൽ നിവാസ്, ചാത്തമ്പറ	ടെയിലറിംഗ് യൂണിറ്റ്	3
5	ജമീർ.ജെ.എം, ഹെബത്ത്, പാലാംകോണം	അച്ചാർ ബിസിനസ്	3

6	മിഥുൻ കൃഷ്ണൻ, എ.കെ നിവാസ്, തോട്ടയ്ക്കാട്	പലചരക്ക് കട	4
7	സുരേഷ്.ജി, കരുവിള വീട്, നെല്ലിക്കോട്	റെഫ്രിജറേറ്റർ സർവ്വീസിംഗ്	4
8	വിഷ്ണു.വി, പുലികളത്ത് വീട്, പെരുങ്കുളം പി.ഓ	വെൽഡിംഗ് വർക്ക് ഷോപ്പ്	4
9	ആർ.സജൻ, കറ്റുമാവിൽ വീട്, കവലയൂർ	മൈക്ക് സെറ്റ് വാടകയ്ക്ക്	5
10	സൈഫുദ്ദീൻ, നായിഫ് കോട്ടേജ്, തോട്ടയ്ക്കാട്	പലവ്യഞ്ജനം	5
11	സരസൻ, സരസവിലാസം, മണമ്പൂർ	പ്രൊവിഷൻ സ്റ്റോർ	5
12	രമ്യ, വിളയിൽ വീട്, കവലയൂർ	ഫുഡ് പ്രോഡക്ഷൻ യൂണിറ്റ്	9
13	കെ.സുധാകരൻ, ചരുവിളവീട്, മണമ്പൂർ	വെൽഡിംഗ്	9
14	സാബു.പി, വിളയിൽവീട്, കടയ്ക്കാവൂർ	പ്ലമ്പിംഗ്, ഇലക്ട്രിക്കൽ, അലുമിനിയം വർക്സ്	9
15	ശ്യാം.എസ്.എസ്, രോഹിണി	ട്രാവൽ ഏജൻസി	9
16	രാജേന്ദ്രൻ, ചിന്നുനിവാസ്, കവലയൂർ	മെഴുകുതിരി നിർമ്മാണം	10

17	സാബിർ സലിം, സുഹാന കോട്ടേജ്, കവലയൂർ	പ്രൊവിഷൻ സ്റ്റോർ	10
18	അബ്ദുൾ റഹ്മാൻ, രഹന മൻസിൽ, കവലയൂർ	ഫാൻസി	10
19	കെ.ജി.സരസൻ, സരസൻ നിവാസ്,കവലയൂർ	ടെക്സ്റ്റൈൽസ്	10
20	ജസീന, അൽ ജമീൽ, കുളമുട്ടം	പ്രൊവിഷൻ സ്റ്റോർ	10
21	കെ.പവിത്രൻ, പണയിൽ വീട്, പെരുങ്കുളം	സ്റ്റേഷനറി	10
22	മുഹമ്മദ് താഹ, കുന്നിൽ വിള പുത്തൻവീട്	പ്രൊവിഷൻ സ്റ്റോർ	10
23	ജസീന, അൽത്താമിഷ്, കവലയൂർ	മെഴുകുതിരി നിർമ്മാണം	11
24	അമീർഖാൻ, കെ.വി.ഹൗസ്, മണനാക്ക്	തട്ടുകട, അക്കേറിയം	12
25	കബീർ.എ, യാസിൽ, മണനാക്ക്	പാചകപ്പുര	12
26	ജി.സുനിൽ ബാബു, വിലാമംഗലം, കവലയൂർ	പൂജാസാധനങ്ങൾ	13
27	രതീഷ്, ചരുവിളവീട്, ആറ്റിങ്ങൽ	ഫർണിച്ചർ	13
28	എ.ഷാൻ, റംല മൻസിൽ, പെരുങ്കുളം	ബാർബർ ഷോപ്പ്	13

29	നിഷാൻഖാൻ, എ.എ.കെ ബിൽഡിംഗ്, കവലയൂർ	മൊബൈൽ ഫോൺ സർവ്വീസിംഗ്	13
30	രാജീവ്.കെ, രാജ് ഭവൻ, കവലയൂർ	തുണിക്കട	13
31	സജീന ബീവി, വടക്കേ ബംഗ്ലാവ്, മണനാക്ക്	ആട് വളർത്തൽ	14
32	സുഷമ, കൃഷ്ണ, കവലയൂർ	സ്റ്റേഷനറി	15

2-2 പുതുതായി നമ്പർ അനുവദിച്ച് നൽകിയ കെട്ടിടങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല

2014-15 വർഷം നികുതി നിർണ്ണയിച്ച് പുതിയ കെട്ടിട നമ്പർ നൽകിയ ചുവടെപ്പറയുന്ന കെട്ടിടങ്ങൾ 2014-15, 2015-16 വർഷങ്ങളിലെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നില്ല.

ക്രമ നമ്പർ	ഉടമസ്ഥന്റെ പേരും വിലാസവും	കെട്ടിട നമ്പർ	ആകെ നികുതി
1	ശ്രീമതി, വിളയിൽ വീട്, പെരുംകുളം	X/627	374
2	സുനീസ/റാഹില, സൽമമൻസിൽ, പെരുംകുളം	XI/155A	351

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവറിക്ക് (നം.10/21-06-16) നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി വരുത്താൻ വിട്ടുപോയതിനാലാണ് ഇപ്രകാരം

സംഭവിച്ചതെന്ന് അറിയിച്ചു. ഓഡിറ്റ് എൻകപയറി നൽകിയതിനെത്തുടർന്ന് ഈ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി ഡിമാന്റിൽ ഉൾപ്പെടുത്തി. ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കവലയൂർ സബ് രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അസിസ്റ്റന്റ് ശ്രീ. അരുൺകാന്തിന്റെ തൊഴിൽ നികുതി നർണ്ണയ സ്റ്റേറ്റ്മന്റ് (ഒന്നാം അർദ്ധ വർഷം) സബ് രജിസ്ട്രാർ തയ്യാറാക്കി സമർപ്പിച്ചതിൽ ഉത്സവബത്ത-ബോണസ് ശമ്പളത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ഇതുപ്രകാരം ശ്രീ.അരുൺകാന്തിന്റെ തൊഴിൽ നികുതി നിർണ്ണയത്തിൽ ചുവടെപ്പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

ആകെ തുക	ഈടാക്കിയ തൊഴിൽ നികുതി	ബോണസ്-ഉത്സവബത്ത ഉൾപ്പെടെ	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്
99486	750	100000 രൂപയ്ക്ക് മുകളിൽ	1000	250

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറിയുടെ (നം.8/20-06-16) അടിസ്ഥാനത്തിൽ പ്രസ്തുത തുക പിഴപ്പലിശ (68 രൂപ) ഉൾപ്പെടെ പഞ്ചായത്ത് ഫണ്ടിൽ 24-06-2016 ന് ഒടുക്കുവന്നിട്ടുണ്ട്.

2-4 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ,പ്ലാൻ എന്നിവ അംഗീരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ ഓഡിറ്റ് തീയതി വരെയും (27-06-2016) തീർപ്പ് കൽപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻകുയറിക്ക് നൽകിയ മറുപടിയിൽ ഇവ അന്വേഷണ റിപ്പോർട്ടിനായി എഞ്ചിനീയർക്ക് കൈമാറിയതായി മറുപടി നൽകി. ഇതിന്മേൽ എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻകുറിക്ക് നൽകിയ മറുപടിയിൽ അപേക്ഷകർ പിന്നീട് പഞ്ചായത്തിൽ എത്തിയില്ലെന്നും ജോലി ഭാരം കാരണം അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാൻ സാധിച്ചില്ലെന്നും മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുവാൻ സെക്രട്ടറിയും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ എഞ്ചിനീയറിംഗ് വിഭാഗവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നമ്പർ	അപേക്ഷ നമ്പർ, തീയതി	അപേക്ഷകന്റെ പേര്	പഞ്ചായത്തിൽ നിന്നും നൽകിയ തീയതി

1	2447/ 14	ശ്രീമതി.മുംതാസ്	21-05-2014
2	2737/ 14	ശ്രീ.ഷജീം	17-06-2014
3	4806/14	ശ്രീമതി.ഹലീമാബീവി	23-10-2014
4	271/14	ശ്രീ.സന്തോഷ്	02-02-2015
5	347/14	ശ്രീ.സുരേഷ് ബാബു	06-02-2015
6	889/15	ശ്രീ.വാസുദേവൻ ആശാരി	27-03-2015
7	2058/15	ശ്രീ.രതീഷ്.ഡി.പിള്ള	11-06-2015
8	2100/15	ശ്രീ.അനിൽ ലാൽ	11-06-2015
9	2446/15	ശ്രീ.മുഹമ്മദ് ഷാഫി	06-07-2015
10	2638/15	ശ്രീമതി.ഷീജ.എസ്	31-07-15
11	3499/15	ശ്രീ.സുനിൽകുമാർ	19-09-2015

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ആട് വളർത്തൽ പ്രോജക്ട് (പട്ടികജാതി വനിത) സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 99/14-15

നിർവ്വഹണം - വെറ്റിനറി സർജൻ

അടങ്കൽ - 600000

ചെലവ് - 594000 (4/14-15/ 26-02-15)

(8/14-15/27-03-15)

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (ജി.ഒ. (എം.എസ്) 362/13/ത.സ്വ.ഭ.വ. തീയതി 16-11-2013 ഖണ്ഡിക 3-2) ഉൾപ്പെടുത്തിയ മാനദണ്ഡത്തിൽ പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളും നിർവ്വഹണ ഉദ്യോഗസ്ഥനും ജനപ്രതിനിധിയും ഉൾപ്പെട്ട ഏഴ് പേരടങ്ങുന്ന സമിതിയായിരിക്കണം ആടുകളെ വാങ്ങാൻ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ആടുകളെ വാങ്ങി വെറ്റിനറി സർജൻ ഇൻഷ്വർ ചെയ്ത

ശേഷം ആനുകൂല്യം കൈപ്പറ്റി. സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/14-15 തീയതി 20-06-15) നൽകിയ മറുപടിയിൽ അറിവില്ലായ്മയാണ് ഇത്തരം നടപടിക്ക് കാരണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. സ്രക്കാർ നിർദ്ദേശത്തിനനുസരിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

3-2 പദ്ധതി മോണിറ്ററിംഗ്- സർക്കാർ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല

പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നിർവ്വഹിക്കേണ്ടത് അതിനായി ചുമതലപ്പെടുത്തിയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളാണെന്നും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഈയിനത്തിൽ വേണ്ടിവരുന്ന ചെലവുകൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 195000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഒരു പ്രോജക്ടും മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ജയപരാജയം വിലയിരുത്തുന്നതിന് വേണ്ട ഭേദഗതി പ്രോജക്ടുകളിൽ വരുത്താനും അവ വിജയകരമാക്കാനും മോണിറ്ററിംഗ് സഹായിക്കും. അപ്രകാരം സർക്കാർ നിർദ്ദേശാനുസരണം മോണിറ്ററിംഗ് നടത്താൻ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

3-3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2014-15 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 115 പ്രവൃത്തികൾ നടപ്പിലാക്കി. ഇവയിൽ 42 എണ്ണം ഐ.എ.വൈ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിന് അടിസ്ഥാനം തയ്യാറാക്കാനുള്ള പ്രവൃത്തിയാണ്. മണ്ണ്-ജല സംരക്ഷണ പ്രവർത്തികളും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പൊതു കുളങ്ങളുടെ നവീകരണം എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2014-15 ൽ ആസ്തികൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. മണമ്പൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ 1723 പേർക്ക് തൊഴിൽകാർഡ് വിതരണം ചെയ്തിട്ടുണ്ട്. 26 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളത്. 236 കുടംബങ്ങൾക്ക് 70 ദിവസത്തിനും 100 ദിവസത്തിനുമിടയിൽ തൊഴിൽ നൽകിയിട്ടുണ്ട്. ഒരു കുടുംബത്തിന് ശരാശരി 57.69 തൊഴിൽ ദിനം മാത്രമാണ് ലഭിച്ചത്. ഗ്രാമപഞ്ചായത്തിന് കീഴിൽ ആകെ 38 തൊഴിലാളി ഗ്രൂപ്പുകൾ ഉണ്ട്. രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി- പ്രവർത്തനക്ഷമമല്ല

പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി (പ്രോജക്ട് നമ്പർ 117/2015) പട്ടികജാതി വികസന വകുപ്പിൽ നിന്നും 24 ലക്ഷം രൂപ അനുവദിച്ചിരുന്നു. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രസ്തുത പദ്ധതി 184631/- രൂപ ചെലവഴിച്ച് 2014-15 ൽ പൂർത്തീകരിച്ചിട്ടുണ്ട്. 25-06-2015 ൽ ഓഡിറ്റ് ടീം പ്രസ്തുത പദ്ധതി സ്ഥലം സന്ദർശിച്ചു. കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പുളിയിക്കച്ചിറ കോളനിയിലെ പട്ടികജാതി വിഭാഗക്കാർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആരംഭിച്ച പദ്ധതി പ്രവർത്തനക്ഷമമാക്കാൻ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഗുണഭോക്തൃ സമിതിക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

3-5 അങ്കണവാടികൾ - അവലോകനം

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 23 അങ്കണവാടികൾ ഉണ്ട്. ഇവയിൽ 20 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 3 എണ്ണം വാടകക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 19 അങ്കണവാടികൾ വൈദ്യുതീകരിച്ചവയും കുടിവെള്ള ലഭ്യതയുള്ളവയും ചുറ്റുമതിൽ ഉള്ളവയുമാണ്. പഞ്ചായത്തിൽ ബഡ്സ് സ്കൂളുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. അങ്കണവാടികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും കൂടുതൽ ഫലപ്രദമായ ഇടപെടൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

3-6 പൊതുമരാത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം പൊതുമരാത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

എ) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ഒരു സഹകരണ ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ

ബി) പ്രവൃത്തിക്ക് വേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വേതന നിരക്ക് , ഹാജർ മുതലായവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ സൂക്ഷിക്കേണ്ടതും ആഴ്ചയുടെ അവസാന ദിവസം തൊഴിലാളികളുടെ ഒപ്പും തീയതിയും വച്ച് വേതനം നൽകേണ്ടതുമാണ്. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് ചെയർമാനും കൺവീനറും തീയതി വച്ച് ഒപ്പിടണം

സി) പ്രവൃത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ന്യായവും സ്വീകാര്യവുമായ നിരക്കിൽ ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തിന് വിധേയമായാണ് വാങ്ങേണ്ടത്. സാധനങ്ങൾ വാങ്ങുമ്പോൾ അവയുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ബില്ലോ രസീതോ വാങ്ങേണ്ടതും അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്

ഡി) പ്രവൃത്തിക്ക് വേണ്ട യന്ത്രസാമഗ്രികളുടെ വാടകയ്ക്ക് ക്യത്യമായ വൗച്ചറുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്

ഇ) പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വരവ് ചെലവ് കണക്കുപുസ്തകം, ഡയറി എന്നിവ സൂക്ഷിക്കേണ്ടതാണ്

എഫ്) പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ ലഭിച്ചതിനുശേഷം ഗുണഭോക്താക്കളുടെ പൊതു യോഗത്തിൽ കൺവീനർ വരവ് ചെലവ് കണക്ക് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി വേണം നിർവ്വഹണോദ്യോഗസ്ഥന് സമർപ്പിക്കേണ്ടത്. പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിൽ വേണം പ്രവൃത്തിയുടെ മൂല്യം കണക്കാക്കേണ്ടത്

മണമ്പൂർ ഗ്രാമപഞ്ചായത്തിൽ 2014-15 കാലയളവിൽ ഗുണഭോക്ത്യ സമിതി മുഖേന നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രവൃത്തികളിൽ ആസൂത്രണ വകുപ്പിന്റെ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ക്രമ നം.	പ്രോജക്ടിന്റെ പേര്, നമ്പർ	ചെലവ്	ബിൽ നമ്പർ, തീയതി
1	ഫെഡറൽ കോളേജ് റോഡ് മെയിന്റൻസ്(157/15)	299156	16/14-15 (28-01-15)
2	മണമ്പൂർ യു.പി.എസിന് ടൈൽ പാകലും പാരപ്പെറ്റും (158/15)	280142	22/14-15 (23-02-15)
3	മണമ്പൂർ യു.പി.എസിന് ഷീറ്റിടൽ, മതിൽ ഉയരം കൂട്ടൽ (112/15)	157771	2/14-15(31-07-14)
		16426	23/14-15(28-02-15)

4	പാർത്തുകോണം സബ്സെന്റർ ഷീറ്റ്(76/15)	116438	40/14-15 (30-03-15)
5	വാണിയൻറവിള ആറ്റുവീട്ടിക്കോണം റോഡ് മെയിന്റനൻസ് (15/15)	149700	31/14-15 (26-03-15)
ആകെ		**1019633**	

3-7 കുടിവെള്ള പദ്ധതി- സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 103 കുടിവെള്ള ടാപ്പുകൾ ഉണ്ട്. എല്ലാ ടാപ്പുകളും പ്രവർത്തനക്ഷമമാണെന്നാണ് പഞ്ചായത്ത് അറിയിച്ചത്. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതും അത് പ്രകാരം വാട്ടർ ചാർജ് പുതുക്കി നിർണ്ണയിക്കാവുന്നതുമാണ്.

16.11.13 ലെ സ.ഉ (എം.എസ്) 362/13 തസ്വഭവ.പ്രകാരം, കുടിവെള്ള പദ്ധതികൾക്കായി പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഹൗസ് കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കളിൽ സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

3-8 തെരുവ് വിളക്കുകളുടെ പരിപാലനം- തൃപ്തികരമല്ല

സ.ഉ (എം,എസ്) 34/2003/PD dated 02-12-13 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് ഇതുവരെയും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് ഇതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും ആയത് പ്രകാരം വൈദ്യുതി ചാർജ് ഒടുക്ക് വരുത്തേണ്ടതുമാണ്.

3-9 ആശ്രയ പദ്ധതി നടപ്പാക്കിയില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (സർക്കാർ ഉത്തരവ് നം.362/13/lsgd 16-11-13) ആശ്രയ പദ്ധതി 2014-15 വർഷം നിർബന്ധമായും നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വർഷം ആശ്രയ പദ്ധതിക്കായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (നമ്പർ 13) തൻവർഷം പ്രത്യേകം പ്രോജക്ട് നടപ്പിലാക്കിയില്ലെങ്കിലും ആശ്രയ ലിസ്റ്റിലുള്ളവർക്ക് മുൻഗണന നൽകിയാണ് വ്യക്തിഗത പ്രോജക്ടുകൾ നടപ്പിലാക്കിയതെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകി.

3-10 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പൊതുഅപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (എം.എസ്) നം.168/2012/തസ്വഭവ തീയതി 15.06.2012 ഖ.11.3(X) എ-യിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) 14.07.2007-ലെ സ.ഉ (സാധാ) 128/2007/തസ്വഭവ -യിലെ ഖണ്ഡിക 5.12 പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ കണക്കിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണെങ്കിലും അത് പാലിച്ചിട്ടില്ല.

4) 16.01.2010-ലെ സ.ഉ (സാധാ) 165/2010/തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കേണ്ടതാണെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഇല്ല					

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഇല്ല					

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ക്രമ നം	കൺവീനറുടെ പേര്	പ്രവൃത്തിയുടെ പേര്	ബിൽ/ വൗച്ചർ നം/ ചെക്ക് നം	തുക	അഡ്ജസ്റ്റ് ചെയ്തത്	ബാക്കി
ഇല്ല						

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	

ഇ.എം.എസ് ഹൗസിംഗ് സ്കീം	ജി.ഓ (ആർ.ടി) നം.275/2000/lsgd dated.27-01-2010	13648500	7316803	1490550	45711	5826253

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	ഇല്ല
തൻവർഷം നിക്ഷേപിച്ച തുക	
ആകെ	
തന്നാണ്ടിൽ പിൻവലിച്ച തുക	
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	തുക
ഇല്ല	

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
ഇല്ല				

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08	3-10	2009-10	3.7.1	കൊടിതൂക്കിക്കുന്ന് കുടിവെള്ള പദ്ധതി	പൂർത്തീകരിച്ചു.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ് : 80387532

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 56894607

വരവിനങ്ങളിലുള്ള നഷ്ടം : ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഇല്ല		

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2001-02	എൽ.എഫ്.റ്റി.ഡി.ജി.പി9/723/2003 തീയതി 23-07-14	2	
2003-04	എൽ.എഫ്.റ്റി.ഡി.ജി.പി9/72/2005 തീയതി 23-07-14	1	
2004-05	എൽ.എഫ്.റ്റി.ഡി.ജി.പി7/917/2008 തീയതി 23-07-14	3	
2006-07	എൽ.എഫ്.റ്റി.ഡി.ജി.പി7/1960/2008 തീയതി 23-07-14	3	
2007-08	എൽ.എഫ്.റ്റി.ഡി.ജി.പി7/72/2005 തീയതി 23-07-14	5	

2008-09	എൽ.എഫ്.റ്റി.ഡി.ജി.പി7/2271/2011 തീയതി 23-07-14	7	
2009-10	എൽ.എഫ്.റ്റി.ഡി.ജി.പി7/2272/2015 തീയതി 11-08-15	3	
2010-11	എൽ.എഫ്.റ്റി.ഡി.ജി.പി9/732/2015 തീയതി 15-06-15	4	
2011-12	എൽ.എഫ്.റ്റി.ഡി.ജി.പി7/1545/2013 തീയതി 27-10-14	4	
2012-13	എൽ.എഫ്.റ്റി.ഡി.ജി.പി.7/2608/2014 തീയതി 05-11-15	8	
2013-14	കെ.എസ്.എ.റ്റി.വി.എം.ജി.പി.7/458/2016 തീയതി 18-03-16	13	

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മണമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്